ന്യൂഡൽഹിയിലെ സംസ്ഥാന റസിഡന്റ് കമ്മീഷണറുടെ കർത്തവ്യങ്ങൾ

12 (2963) ശ്രീ. എം. മുരളി :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ന്യൂഡൽഹിയിൽ ഒരു റസിഡന്റ് കമ്മീഷണറെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഉദ്യോഗസ്ഥന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ് ;

(സി) കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റ് രൂപം കൊടുക്കുന്നതും സംസ്ഥാന ഗവൺമെന്റുകൾ സ്കീം തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് തുക ക്ലെയിം ചെയ്യേണ്ടതുമായ കാര്യങ്ങളെക്കുറിച്ച് റസിഡന്റ് കമ്മീഷണർ സംസ്ഥാന ഗവൺമെന്റിനെ വിവരം ലഭ്യമാക്കാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ന്യൂഡൽഹിയിലെ റസിഡന്റ് കമ്മീഷണർ ഇത്തരം എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റസിഡന്റ് കമ്മീഷണറുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും താഴെ പറയുന്നവയാണ്.

കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ച പദ്ധതികളുടെയും നിയമ നിർമ്മാണ നിർദ്ദേശങ്ങളുടെയും തുടർ നടപടികൾ അന്വേഷിച്ച് സമയാസമയങ്ങളിൽ സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകുക, സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്ന സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട പ്രധാന കേസുകളുടെ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ നടത്തുക, മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഉന്നതോദ്യോഗസ്ഥൻമാരും ഡൽഹിയിൽ പങ്കെടുക്കേണ്ട മീറ്റിംഗുകളെയും കോൺഫറൻസുകളെയും സംബന്ധിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുമായി ബന്ധപ്പെടുക, ഡൽഹിയിലെ വിവിധ സർക്കാർ ഏജൻസികളും പ്ലാനിംഗ് കമ്മീഷനുമായും ബന്ധപ്പെടുക, ആവശ്യമുള്ള ഘട്ടങ്ങളിൽ കേന്ദ്ര മന്ത്രാലയങ്ങളും മറ്റ് ഏജൻസികളും നടത്തുന്ന യോഗങ്ങളിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിക്കുക, വിവിധ മന്ത്രാലയങ്ങൾ ആവശ്യപ്പെടുന്ന പാർലമെന്റ് ചോദ്യോത്തരം പോലെയുള്ള അത്യാവശ്യ വിവരങ്ങൾ സംസ്ഥാന സർക്കാരിൽനിന്നും ശേഖരിച്ചു നൽകുക, സംസ്ഥാനത്തെ എം.പിമാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക, സ്മാൾ സേവിംഗ്സ്/

LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ ടാക്സ് മുതലായവയുടെ സംസ്ഥാന വിഹിതം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, ഗവർണ്ണർ, മുഖ്യമന്ത്രി, മന്ത്രിമാർ മറ്റു ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ ഡൽഹിയിലെ ഔദ്യോഗിക സന്ദർശനത്തിന് സഹായങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുക, കേന്ദ്രവിദേശ മന്ത്രാലയം ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ വിദേശ രാഷ്ട്രത്തലവൻമാരുടെയും മറ്റു പ്രമുഖരുടെയും കേരളത്തിലേക്കുള്ള ഔദ്യോഗിക യാത്രകൾ ക്രമീകരിക്കുക എന്നിവയാണ് റസിഡന്റ് കമ്മീഷണറുടെ ബഹുമുഖമായ കർത്തവ്യങ്ങൾ.

ഡൽഹിയിൽ നിയമിക്കപ്പെടുന്ന എല്ലാ കേരള സർക്കാർ ജീവനക്കാരുടെയും ഭരണപരമായ നിയന്ത്രണം, കേരളാ ഹൗസിന്റെയും റസിഡന്റ് കമ്മീഷണർ ആഫീസിന്റെയും എസ്റ്റാബ്ലിഷ്മെന്റിന്റെ നിയന്ത്രണം, ന്യൂഡൽഹിയിലെ norka cell, Information Office എന്നിവയുടെ പ്രവർത്തനങ്ങളുടെ ഭരണപരമായ നിയന്ത്രണം തുടങ്ങിയവ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളാണ്.

(സി&ഡി) അതതു സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിലെ വിവിധ മന്ത്രാലയങ്ങൾ രൂപം നൽകുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിവരം ശേഖരിച്ച് ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരെ ധരിപ്പിക്കുകയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകുന്ന സ്കീമുകൾ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ അന്വേഷിച്ച് തുക ലഭിക്കുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കുകയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രസഹായം കൃത്യസമയത്ത് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ പുരോഗതി നിരീക്ഷിച്ച്, വിലയിരുത്തി സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2002-03 വർഷം 75 കോടി രൂപായും 2003-04-ൽ 30 കോടി രൂപായും അധിക കേന്ദ്രസഹായം, സമയബന്ധിതമായി അനുവദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് അവയുടെ സ്ഥിതി വിവരം യഥാസമയം സംസ്ഥാന സർക്കാരിനെ ധരിപ്പിക്കുന്നുണ്ട്.

സെക്രട്ടേറിയറ്റ് മന്ദിരത്തിൽ വിവിധ വകുപ്പുകളും സെക്ഷനുകളും ഒരേ സ്ഥലത്തായി പുനഃക്രമീകരിക്കാൻ നടപടി

13 (2964) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് മന്ദിരത്തിൽ വിവിധ മന്ത്രിമാരുടെ ഓഫീസുകൾ സെക്രട്ടറിമാരുടെ ഓഫീസുകൾ, വിവിധ സെക്ഷനുകൾ എന്നിവയുടെ സ്ഥാനം സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകൾ ഇടകലർന്നു കിടക്കുന്നതു മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വിലയിരുത്തുമോ ;

(സി) ഓരോ വകുപ്പിനും വകുപ്പുമന്ത്രി, സെക്രട്ടറിമാർ, ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥൻമാർ, സെക്ഷനുകൾ എന്നിവ ഒരേ സ്ഥലത്താക്കി ഓരോ മന്ത്രാലയം എന്ന നിലയിൽ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly